23-7-2002-ൽ യോഗം ചേർന്നു. ഈ വിഷയം വിശദമായി പരിശോധിച്ച് ശുപാർശ സമർപ്പിച്ചു. ഈ ശുപാർശ 3-12-2002-ൽ ചേർന്ന മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ചു. തീരുമാനമാകാത്തതിനാൽ 25-6-2003-ൽ ചേർന്ന മന്ത്രിസഭായോഗം ധനകാര്യവും, എക്സൈസും വകുപ്പുമന്ത്രിയും, റവന്യൂവും നിയമവും വകുപ്പുമന്ത്രിയുംകൂടി വീണ്ടും ചർച്ച ചെയ്ത് നിർദ്ദേശം കൊണ്ടുവരാൻ തീരുമാനിച്ചു. 15-10-2003-ൽ ഈ കമ്മിറ്റി യോഗം ചേർന്നു. കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 7-1-2004-ലെ മന്ത്രിസഭാ യോഗം പാട്ടം യുക്തിസഹമായി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചു.

"സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക"

21 [635] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപയാണ് വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സർക്കാരിന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഇപ്പോൾ എത്ര കോടി രൂപയാണ് പ്രതിവർഷം സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാട്ടനിരക്ക് കുറച്ചതിന്റെ ഫലമായി പ്രതിവർഷം എത്ര കോടി രൂപയുടെ കുറവാണ് ഈ ഇനത്തിൽ സർക്കാരിനുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളുമാണ് സർക്കാരിന് കുടിശ്ശിക നൽകാനുള്ളതെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ 11,52,81,982 രൂപ പാട്ട കുടിശ്ശികയായി കണക്കാക്കിയിട്ടുണ്ട്. പാട്ട കാലാവധി കഴിഞ്ഞ കേസുകൾ പുതുക്കാതിരിക്കുകയും പുതിയ കേസുകൾക്ക് പാട്ടം നൽകുകയും ചെയ്യുന്നതിനാൽ പ്രതിവർഷം ഉള്ള പാട്ട കുടിശ്ശികയിൽ വ്യത്യാസം വരാവുന്നതാണ്.

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ 1,77,99,179 രൂപ പാട്ട കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുകയുണ്ടായി.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly